## വിലനിലവാരം

● സ്വർണ വില താഴ്ന്നു

● വെളിച്ചെണ്ണ
വെളിച്ചെണ്ണ.....28,500
വെളിച്ചെണ്ണ: മില്ലിങ്.....29,000
കൊപ്ര.....17,000–17,200

● പിണ്ണാക്ക്
എക്സ്പെല്ലർ.....4400
പിണ്ണാക്ക് റോട്ടറി..... 4400

● കുരുമുളക്
അൺഗാർബിൾഡ്.....70,000
പുതിയ കുരുമുളക്.....69,000
കുരുമുളക് ഗാർബിൾഡ്.....72,000

● ചുക്ക്
മീഡിയം.....28,000
ചുക്ക് ബെസ്റ്റ്.....30,000

● മഞ്ഞൾ
നാടൻ.....15,500–16,000
സേലംഈറോഡ്.....ഇല്ല
കാഞ്ഞിരകുരു.....1850
അടയ്ക്ക.....39,000
അടയ്ക്ക പുതിയത്.....39,000
പഞ്ചസാര.....4300
മുളക്.....19000
ഉഴുന്ന്.....9600–10,700
ചെറുപയർ.....10000–13,600
കടല.....8100–10100
മുതിര.....5000
എള്ള്.....22,000
മല്ലി.....7800–9200
പച്ചരി നമ്പർ.1.....4700
പുഴുക്കലരി ജയ.....4200–4500

● ജാതിക്ക
തൊണ്ടൻ.....(കിലോ 250–320)
ജാതിക്ക തൊണ്ടില്ലാത്ത്.....630–660
ജാതിപത്രിചുവപ്പ്മഞ്ഞ.....1400–1700
ജാതി ഫ്ളവർ ചുവപ്പ്.....1500–2000
ജാതി ഫ്ളവർ മഞ്ഞ.....2000–2100
ഗ്രാമ്പൂ.....800–900

● റബർ
ആർഎസ്എസ് 5 .....21,500
ആർഎസ്എസ് 4 .....21,800
ഒട്ടുപാൽ .....14,800
ലാറ്റക്സ്.....14,200

● കാലടി വിപണി
ജാതിക്കതൊണ്ടൻ–കിലോ–250–320
ജാതിക്കതൊണ്ടില്ലാത്ത്–630–660
ജാതിപത്രിചുവപ്പ്മഞ്ഞ–1400–1700
ഫ്ളവർ ചുവപ്പ്മഞ്ഞ–1500–2100

● സ്വർണം
സ്വർണം പവൻ.....1,18,480
സ്വർണം ഗ്രാം.....14,810

സ്വർണം അവധി വ്യാപാരം
ഏപ്രിൽ.....159210
ജൂൺ.....162901

റബർ ബോർഡ്
● കോട്ടയം
ആർ.എസ്.എസ്.4.....21,700
ആർ.എസ്.എസ്.5.....21,400
ഐ.എസ്.എൻ.ആർ–20.....19200
ലാറ്റക്സ് 60%.....14265

● കൊച്ചി
ആർഎസ്എസ്–4.....21,900
ആർഎസ്എസ്–5 .....21400

● ബാങ്കോക്ക്
ആർ.എസ്.എസ്. 1.....23,044
ആർ.എസ്.എസ്. 2.....22,869
ആർ.എസ്.എസ്. 3.....22,708
ആർ.എസ്.എസ്. 4.....22,620
ആർ.എസ്.എസ്. 5.....22,576

● ക്വാലാലംപൂർ
എസ്.എം.ആർ–20.....18,698
ലാറ്റക്സ് 60%.....14,184

● ആലപ്പുഴ മാർക്കറ്റ്
വെളിച്ചെണ്ണ.....28500–29000
കൊപ്ര തെളിവ് .....16900
കൊപ്ര ഓടെ.....16950
കൊപ്ര രാശി .....17000
സ്വർണം ഒരു ഗ്രാം .....14780
സ്വർണം എട്ടു ഗ്രാം.....118240
തങ്കം 10 ഗ്രാം .....150800
വെള്ളി ഒരു കിലോ.....285000

## വിനിമയം

ഡോളർ.....90.09
യൂറോ.....107.49
പൗണ്ട്.....122.77
സ്വിസ്ഫ്രാങ്ക്.....117.87
സിംഗപ്പൂർ.....71.95
ഓസ്ട്രേലിയൻ.....64.76
കനേഡിയൻ.....66.62
ബഹ്റൈൻ ദിനാർ.....241.36
കുവൈത്ത് ദിനാർ.....297.95
ഒമാനി റിയാൽ.....236.07
സൗദി റിയാൽ.....24.27
യു.എ.ഇ. ദിർഹം.....24.78
ഖത്തർ റിയാൽ.....24.92

# വേനൽക്കാല ക്യാഷ് ബാക്ക് ഓഫറുമായി കൺഫേം ടിക്കറ്റ്

തൃശൂർ: രാജ്യത്തെ മുൻനിര അംഗീകൃത ബി 2 സി ഓൺലൈൻ ട്രെയിൻ ടിക്കറ്റിങ് ആൻഡ് ട്രാവൽ യൂട്ടിലിറ്റി പ്ലാറ്റ്ഫോമായ കൺഫേം ടിക്കറ്റ് ഈ വേനൽക്കാലത്ത് ഉപയോക്താക്കൾക്കായി ഒരു ശതമാനം ക്യാഷ്ബാക്ക് ഓഫർ പ്രഖ്യാപിച്ചു. അടുത്ത 90 ദിവസത്തിനുള്ളിൽ നടത്തുന്ന ബുക്കിംഗിൽ പരിധിയില്ലാത്ത ക്യാഷ്ബാക്ക് റിഡീം ചെയ്യാവുന്നതാണെന്ന് കൺഫേംടിക്കറ്റ് അറിയിച്ചു. കൺഫേംടിക്കറ്റ് ആപ്പിൽ ട്രെയിൻ ടിക്കറ്റുകൾ ബുക്ക് ചെയ്യുന്ന ഉപയോക്താക്കൾക്ക് കൺഫേം ടിക്കറ്റ് വാലറ്റിൽ നേരിട്ട് ഒരു ശതമാനം ക്യാഷ്ബാക്ക് ലഭിക്കും. മേയ് 31 വരെ ഓഫർ ലഭിക്കും.

റിവാർഡ് തുകയ്ക്ക് പരിധിയില്ലാതെ, ഓഫർ കാലയളവിൽ യാത്രക്കാർക്ക് പരിധിയില്ലാത്ത ക്യാഷ്ബാക്ക് നേടാൻ കഴിയും. ബുക്ക് ചെയ്തതിനു ശേഷം ക്യാഷ്ബാക്ക് ഓട്ടോമാറ്റിക്കായി ക്രെഡിറ്റ് ചെയ്യപ്പെടുന്നതായി കൺഫേംടിക്കറ്റ് അറിയിച്ചു. അധിക ഘട്ടങ്ങളോ സങ്കീർണതകളോ ഇല്ലാത്ത ലളിതവും തടസ്സമില്ലാത്തതുമായ പ്രക്രിയയിലൂടെ റിവാർഡ് ഉപയോക്താക്കളിലെത്തുന്നു. കൂടുതൽ കൃത്യതയുള്ള വെയിറ്റ്ലിസ്റ്റ് പ്രവചനം, സീറ്റുകൾ പരിമിതമാകുമ്പോൾ മറ്റ് ട്രെയിൻ ഓപ്ഷനുകൾ, ഇതര യാത്രാ പ്ലാൻ ഓപ്ഷനുകൾ, തത്സമയ ട്രെയിൻ സ്റ്റാറ്റസ് അപ്ഡേറ്റുകൾ, തടസമില്ലാത്ത പി.എൻ.ആർ. ട്രാക്കിങ്, തൽക്ഷണ റീഫണ്ടുകൾ, സീറ്റ് ലഭ്യത അലേർട്ടുകൾ, വേഗത്തിലുള്ള യു.പി.ഐ. പ്രാപ്തമാക്കിയ പേയ്മെന്റുകൾ തുടങ്ങിയ സേവനങ്ങളും ലഭ്യമാക്കുന്നതായി കൺഫേം ടിക്കറ്റ് അറിയിച്ചു.

ഏറ്റവും തിരക്കേറിയ യാത്രാ സീസണുകളിൽ ഒന്നായ വേനൽക്കാലത്ത് കുടുംബങ്ങളും വിദ്യാർഥികളും പ്രൊഫഷണലുകളും കൂടുതൽ യാത്രകൾ ചെയ്യുന്നതിനാലാണ് ക്യാഷ്ബാക്ക് ഓഫർ ഏർപ്പെടുത്തിയതെന്ന് ഇക്സിഗോ ട്രെയിൻസ്-കൺഫേം ടിക്കറ്റ് സി.ഇ.ഒ. ദിനേശ് കുമാർ കോത്ത പറഞ്ഞു.

# ഡൽഹി മദ്യനയക്കേസ്: സി.ബി.ഐക്ക് വൻതിരിച്ചടി


● കെജ്രിവാളിനെയും സിസോദിയയേയും കോടതി വിട്ടയച്ചു

ന്യൂഡൽഹി: ഡൽഹി മദ്യനയ ക്കേസിൽ സി.ബി.ഐക്കും കേന്ദ്രസർക്കാരിനും കനത്ത തിരിച്ചടി. ആം ആദ്മി പാർട്ടി നേതാക്കളായ മുൻമുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ, മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയ എന്നിവരുൾപ്പെടെ 23 പ്രതികളെയും ഡൽഹി റോസ് അവന്യൂ കോടതി കുറ്റമുക്തരാക്കി.

കേസ് അന്വേഷണത്തിൽ സി.ബി.ഐക്ക് ഗുരുതരവീഴ്ചകൾ സംഭവിച്ചതായി പ്രത്യേക ജഡ്ജി ജിതേന്ദ്ര സിങ് വിമർശിച്ചു. ആയിരക്കണക്കിനു പേജുകളുള്ള സി.ബി.ഐ. കുറ്റപത്രത്തിൽ തെളിവുകളുടെയും സാക്ഷിമൊഴികളുടെയും അഭാവമടക്കം നിരവധി പഴുതുകളുണ്ട്. മനീഷ് സിസോദിയയ്ക്കെതിരേ പ്രഥമദൃഷ്ട്യാ കേസെടുക്കാൻ പോലും തെളിവില്ല. കെജ്രിവാളിനെ കേസിൽ ഉൾപ്പെടുത്തിയതിനു വസ്തുതകളുടെ പിൻബലമില്ല. തെറ്റിദ്ധരിപ്പിക്കുന്ന സത്യവാങ്മൂലങ്ങളും കുറ്റപത്രത്തിന്റെ ഭാഗമായുണ്ട്.

യാതൊരു തെളിവുമില്ലാതിരുന്നിട്ടും കുൽദീപ് സിങ്ങിനെ മുഖ്യപ്രതിയായി കേസിൽ ഉൾപ്പെടുത്തിയത് അമ്പരപ്പിക്കുന്നതാണെന്നും കോടതി നിരീക്ഷിച്ചു. മദ്യനയം രൂപീകരിച്ചതിന്റെയും നടപ്പാക്കിയതിന്റെയും ഉത്തരവാദിയെന്ന നിലയിലാണ് സിസോദിയയെ പ്രതിയാക്കിയത്. എന്നാൽ, ക്രമക്കേടിൽ അദ്ദേഹത്തിന്റെ പങ്കിന് യാതൊരു തെളിവുമില്ല. അദ്ദേഹത്തിൽനിന്ന് എന്തെങ്കിലും കണ്ടെടുത്തിട്ടുമില്ല.

കുറ്റപത്രത്തിൽ പരസ്പര വിരുദ്ധമായ ഒട്ടേറെ കാര്യങ്ങളുണ്ട്. കേസിലെ ഗൂഢാലോചന ആരോപണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതാണിത്. മുഖ്യമന്ത്രിയായിരുന്ന കെജ്രിവാൾ ഗൂഢാലോചനയിൽ പങ്കെടുത്തെന്ന കുറ്റാരോപണം നിലനിൽക്കുന്നതല്ല. കേസിലെ അന്വേഷണോദ്യോഗസ്ഥനെതിരേ വകുപ്പുതല അന്വേഷണത്തിനു കോടതി ഉത്തരവിട്ടതും സി.ബി.ഐക്കു കനത്തപ്രഹരമായി. കേസിൽ കെജ്രിവാളിനു വേണ്ടി മുതിർന്ന അഭിഭാഷകൻ എൻ. ഹരിഹരൻ, അഡ്വ. മുദിത് ജെയ്ൻ എന്നിവരും സിസോദിയയ്ക്കു വേണ്ടി മുതിർന്ന അഭിഭാഷക റെബേക്ക എം. ജോൺ, അഡ്വ. വിവേക് ജെയ്ൻ എന്നിവരും ഹാജരായി.



■ ഡൽഹി മദ്യനയ അഴിമതിക്കേസിൽ അനുകൂലമായ കോടതി വിധിക്കു പിന്നാലെ അനുയായികളെ അഭിവാദ്യം ചെയ്യുന്ന അരവിന്ദ് കെജ്രിവാൾ.

# അത്യാധുനിക നേത്രചികിത്സാ സൗകര്യങ്ങളുമായി 'ദി ഐ ഫൗണ്ടേഷൻ' തൃശൂരിലേക്ക്

■ ഉദ്ഘാടനം മാർച്ച് ഒന്നിന്

തൃശൂർ: ദക്ഷിണേന്ത്യയിലെ പ്രമുഖ സൂപ്പർ സ്പെഷ്യാലിറ്റി നേത്ര ആശുപത്രി ശൃംഖലയായ 'ദി ഐ ഫൗണ്ടേഷന്റെ' ഇരുപത്തിയേഴാമത് ഹോസ്പിറ്റൽ തൃശൂരിൽ ആരംഭിക്കുന്നു. കോയമ്പത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്രൂപ്പിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ നേത്രരോഗ വിദഗ്ധൻ ഡോ. ഡി. രാമമൂർത്തിയുടെ നേതൃത്വത്തിലാണ് കൂർക്കഞ്ചേരിയിൽ ഈ അത്യാധുനിക ഹോസ്പിറ്റൽ സജ്ജമാക്കിയിരിക്കുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗത്തിലുള്ള ജനങ്ങൾക്കും ഗുണമേന്മയുള്ള നേത്രചികിത്സ താങ്ങാവുന്ന നിരക്കിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പുതിയ സംരംഭം.

തൃശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ മാർച്ച് ഒന്നിന് ആശുപത്രിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കും. കല്യാൺ ജ്വല്ലേഴ്സ് മാനേജിങ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. തൃശൂർ ഐ.എം.എ. പ്രസിഡന്റ് ഡോ. ബേബി തോമസ്, എലൈറ്റ് മിഷൻ ഹോസ്പിറ്റൽ മാനേജിങ് ഡയറക്ടർ ഡോ. കെ.സി. പ്രകാശൻ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും.

ദേശീയ ഗുണനിലവാര മാനദണ്ഡമായ എൻ.എ.ബി.എച്ച്. പ്രകാരം വിഭാവനം ചെയ്ത 15,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഈ ചികിത്സാ സമുച്ചയത്തിൽ രാജ്യാന്തര നിലവാരത്തിലുള്ള സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്. രണ്ട് അത്യാധുനിക ഓപ്പറേഷൻ തിയേറ്ററുകൾ, ഏഴ് കൺസൾട്ടേഷൻ റൂമുകൾ, പന്ത്രണ്ട് ഒപ്റ്റോമെട്രി ലെയ്നുകൾ, പ്രത്യേക ഒഫ്താൽമിക് ലാബ്, ഏഴ് എക്സിക്യൂട്ടീവ് ഇൻ-പേഷ്യന്റ് റൂമുകൾ, പത്ത് ഡേ കെയർ യൂണിറ്റുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

നൂതന ലേസർ തിമിര ശസ്ത്രക്രിയ, കാഴ്ച വൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള ലോകത്തിലെ ഏറ്റവും വേഗതയേറിയ ലാസിക് വർക്ക്സ്റ്റേഷൻ, വിട്രിയോ-റെറ്റിനൽ രോഗങ്ങൾക്കുള്ള അത്യാധുനിക ചികിത്സ, ഗ്ലോക്കോമ, കോർണിയ, പീഡിയാട്രിക് ഒഫ്താൽമോളജി, സ്ക്വിന്റ്, മയോപിയ ക്ലിനിക്കുകൾ തുടങ്ങി സമഗ്രമായ സേവനങ്ങൾ തൃശൂരിലെ ഹോസ്പിറ്റലിൽ ലഭ്യമാകും. ഉദ്ഘാടനത്തോടനുബന്ധിച്ച് തൃശൂർ നിവാസികൾക്കായി ആദ്യ രണ്ട് മാസത്തേക്ക് സൗജന്യ നേത്ര പരിശോധനയും കൺസൾട്ടേഷനും വാഗ്ദാനം ചെയ്യുന്നതായും മാനേജ്മെന്റ് അറിയിച്ചു.

# ജെ.ബി. കോശി കമ്മിഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കണം: മലങ്കര കത്തോലിക്കാ സുന്നഹദോസ്

തിരുവനന്തപുരം: ജസ്റ്റിസ് ജെ.ബി. കോശി കമ്മിഷന്റെ റിപ്പോർട്ട് എത്രയും വേഗം പ്രസിദ്ധീകരിക്കണമെന്നു മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് ആവശ്യപ്പെട്ടു. കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ അരക്ഷിതാവസ്ഥയ്ക്കു പരിഹാരം കാണണമെന്നും പട്ടം കാതോലിക്കേറ്റ് സെന്ററിൽ സമാപിച്ച എപ്പിസ്കോപ്പൽ സുന്നഹദോസ് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

'ഭരണഘടനയും ക്രിസ്തീയ വിശ്വാസവും രാജ്യത്ത് സംരക്ഷിക്കപ്പെടണം. അധ്യാപക നിയമനത്തിലെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എടുത്ത തീരുമാനങ്ങൾ എത്രയും വേഗം നടപ്പാക്കണം.'– സുന്നഹദോസ് പറഞ്ഞു. മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ ചേർന്ന സുന്നഹദോസ് ഇന്നലെ സമാപിച്ചു.

2030 മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്നതിന്റെ ഒരുക്കമായി 2026 സെപ്റ്റംബർ 20 മുതൽ 2027 സെപ്റ്റംബർ 19 വരെ ജീവകാരുണ്യ നീതി വർഷമായി ആചരിക്കാനും തീരുമാനിച്ചു.

സമാപന ദിവസമായ ഇന്നലെ ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പിൽ വിവിധ ഇടങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സഭാംഗങ്ങളായ ജന പ്രതിനിധികൾക്ക് സുന്നഹദോസ് സ്വീകരണം നൽകി.

യോഗത്തിൽ ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസ്, ബിഷപ് ജോസഫ് മാർ തോമസ്, ബിഷപ് ആന്റണി മാർ സിൽവാനോസ്, മുൻ ഡി.ജി.പി. ജേക്കബ് പുന്നൂസ്, പത്തനംതിട്ട ജില്ലാ പഞ്ചായത്തു പ്രസിഡന്റ് ദീനാമ്മ റോയി, എന്നിവർ പ്രസംഗിച്ചു.

വിവിധ സുന്നഹദോസ് കമ്മീഷൻ ചെയർമാൻമാരായി ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ് (വിശ്വാസ പരിശീലനം), ബിഷപ് മാത്യൂസ് മാർ പക്കോമിയോസ് (ദൈവശാസ്ത്രം, ചരിത്രം, പ്രസിദ്ധീകരണങ്ങൾ) ബിഷപ് വിൻസെന്റ് മാർ പൗലോസ് (ബൈബിൾ), ബിഷപ് തോമസ് മാർ അന്തോണിയോസ് (സുവിശേഷവത്കരണം), ബിഷപ് യൂഹാനോൻ മാർ തിയോഡോഷ്യസ് (സഭൈക്യം, മതാന്തര സംവാദം), ബിഷപ് മാത്യൂസ് മാർ പോളിക്കാർപ്പോസ് (മലങ്കര കത്തോലിക്ക അസോസിയേഷൻ), ബിഷപ് തോമസ് മാർ യൗസേബിയോസ് (സാമൂഹിക ക്ഷേമം, ദളിതൈ ക്രസ്തവർ), ബിഷപ് യൂഹാനോൻ മാർ അലക്സിയോസ് (യുവജനം, ദൈവവിളി), ബിഷപ് കുര്യാക്കോസ് മാർ ഒസ്താത്തിയോസ് (പ്രാവാസിക്ഷേമം) എന്നിവരെ സുന്നഹദോസ് നിയമിച്ചു.

അത്മായർക്കു വേണ്ടിയുള്ള വിവിധ സംഘടനകളുടെ ഏകോപന ചുമതലയുള്ള മോഡറേറ്ററായി ബിഷപ് ജോസഫ് മാർ തോമസിനെ നിയമിച്ചു.

സുന്നഹദോസ് സെക്രട്ടറി ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ ജോസഫ് മാർ തോമസ്, സാമുവേൽ മാർ ഐറേനിയോസ്, വിൻസെന്റ് മാർ പൗലോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, തോമസ് മാർ അന്തോണിയോസ്, തോമസ് മാർ യൗസേബിയോസ്, ഗീവർഗീസ് മാർ മക്കാറിയോസ്, യൂഹാനോൻ മാർ തിയോഡോഷ്യസ്, മാത്യൂസ് മാർ പോളിക്കാർപ്പോസ്, മാത്യൂസ് മാർ പക്കോമിയോസ്, ആന്റണി മാർ സിൽവാനോസ്, കുര്യാക്കോസ് മാർ ഒസ്താത്തിയോസ്, യൂഹാനോൻ മാർ അലക്സിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, എബ്രഹാം മാർ യൂലിയോസ്, ജോഷ്വ മാർ ഇഗ്നാത്തിയോസ് എന്നിവർ പങ്കെടുത്തു.

# കൈക്കൂലി: മുൻ എ.ഡി.എമ്മിന് ഏഴുവർഷം കഠിന തടവ്

കൊച്ചി: പടക്ക വിൽപ്പനശാലയുടെ ലൈസൻസ് പുതുക്കുന്നതിനുള്ള എൻ.ഒ.സി. നൽകുന്നതിന് കൈക്കൂലി വാങ്ങിയെന്ന കേസിൽ മുൻ അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിന് ഏഴു വർഷം കഠിന തടവും അഞ്ചു ലക്ഷം രൂപ പിഴയും ശിക്ഷ. മുൻ എറണാകുളം അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റും മുളന്തുരുത്തി സ്വദേശിയുമായ ബി. രാമചന്ദ്രനെയാണ് കോട്ടയം വിജിലൻസ് കോടതി കുറ്റക്കാരനായി കണ്ടെത്തി ശിക്ഷിച്ചത്.

തൃപ്പൂണിത്തുറ സ്വദേശിയായ പരാതിക്കാരൻ നടത്തിവന്ന പടക്ക വിൽപ്പന ശാലയുടെ ലൈസൻസ് പുതുക്കുന്നതിനുള്ള എൻ.ഒ.സി. നൽകാൻ ഒരു ലക്ഷം രൂപ കൈക്കൂലിയായി വാങ്ങിയെന്നായിരുന്നു കേസ്. 2015ൽ പരാതിക്കാരൻ തൃപ്പൂണിത്തുറ മാർക്കറ്റിന് സമീപം പടക്ക കട തുടങ്ങുന്നതിനും സ്റ്റോക്ക് വിപുലീകരിക്കുന്നതിനുമുള്ള എൻ.ഒ.സിക്കായി എറണാകുളം ജില്ലാ കലക്ടർക്ക് അപേക്ഷ നൽകിയിരുന്നു. അപേക്ഷ പരിശോധിക്കാൻ എറണാകുളം അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റായിരുന്ന ബി. രാമചന്ദ്രൻ പരാതിക്കാരന്റെ സ്ഥാപനത്തിലെത്തി.

എൻ.ഒ.സി നൽകണമെങ്കിൽ അഞ്ചു ലക്ഷം രൂപ കൈക്കൂലിയായി ക്വാർട്ടേഴ്സിൽ എത്തിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടെന്നാണു പരാതി. പരാതിക്കാരൻ 50,000 രൂപ ക്വാർട്ടേഴ്സിൽ എത്തിച്ചു നൽകിയെങ്കിലും സ്വീകരിക്കാൻ കൂട്ടാക്കിയില്ല.

വീണ്ടും കണ്ടപ്പോൾ ഒരു ലക്ഷം രൂപ തന്നാൽ മാത്രമേ എൻ.ഒ.സി നൽകുകയുള്ളുവെന്ന് പറഞ്ഞതിനെത്തുടർന്ന് പരാതിക്കാരൻ എറണാകുളം വിജിലൻസ് യൂണിറ്റിൽ പരാതി നൽകി. തുടർന്ന് പരാതിക്കാരനിൽ നിന്നും ഒരു ലക്ഷം രൂപ കൈക്കൂലി വാങ്ങവേ വിജിലൻസ് കൈയ്യോടെ പിടികൂടുകയായിരുന്നു.
വിവിധ വകുപ്പുകളിലായി ആകെ ഏഴു വർഷം കഠിനതടവിനും അഞ്ചു ലക്ഷം രൂപ പിഴയൊടുക്കുന്നതിനുമാണു ശിക്ഷ വിധിച്ചത്.

ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതി. കോട്ടയം വിജിലൻസ് കോടതി ജഡ്ജി കെ.വി രജനീഷാണ് ശിക്ഷ വിധിച്ചത്.

വിജിലൻസിന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ കെ.കെ ശ്രീകാന്ത് ഹാജരായി. വിജിലൻസ് എറണാകുളം മധ്യമേഖലാ ഡിവൈ.എസ്.പിമാരായിരുന്ന കെ.ബിജുമോൻ, ഫിറോസ്.എം.ഷഫീക്ക് എന്നിവരുടെ നേതൃത്വത്തിലായിരുന്നു അന്വേഷണം. മുൻ വിജിലൻസ് മദ്ധ്യമേഖലാ പോലീസ് സൂപ്രണ്ടും നിലവിൽ വിജിലൻസ് ആസ്ഥാനത്തെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലുമായ തോംസൺ ജോസാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്.

# ഇൻഡ് എക്സ്പോ: സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു

കണ്ണൂർ: കണ്ണൂർ ബർണശേരിയിലുള്ള ഇ.കെ നായനാർ മെമ്മോറിയൽ അക്കാദമി കോംപ്ലക്സിൽ നടക്കുന്ന ഇൻഡ് എക്സ്പോ 2026 ന്റെ സ്വാഗത സംഘം ഓഫീസ് ഹോട്ടൽ സ്കൈ പാലസിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ പി. വിഷ്ണുരാജ് ഉദ്ഘാടനം ചെയ്തു.

കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ, കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് (എം.എസ്.എം.ഇ), ജില്ലാ വ്യവസായ കേന്ദ്രം എന്നിവയുടെ സഹകരണത്തോടെ മേയ് എട്ടുമുതൽ 10 വരെയാണ് എക്സ്പോ നടക്കുക. വ്യവസായ സംഗമങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്നും പല വ്യവസായങ്ങളുടെയും ഭാവി നിർണയിക്കുന്നത് ഇത്തരം സംഗമങ്ങളായിരിക്കുമെന്നും വിഷ്ണുരാജ് പറഞ്ഞു. ഇക്കഴിഞ്ഞ ജനുവരിയിൽ എറണാകുളത്തുനടന്ന മെഷിനറി എക്സ്പോയിൽ 56 കോടിയുടെ ഓർഡറുകളാണ് ലഭിച്ചത്. ഈ എക്സ്പോയും സ്ഥിരം സംവിധാനമായി കൊണ്ടുവരേണ്ടതുണ്ടെന്നും സെക്ടറൽ ഓറിയന്റഡ് ആയി സംഗമങ്ങൾ സംഘടിപ്പിക്കുന്നതു പരിഗണിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. കേരളത്തെ സംബന്ധിച്ചിടത്തോളം പാരിസ്ഥിതികവും മറ്റു പല ഘടകങ്ങളും കാരണം വ്യവസായങ്ങൾക്ക് സ്ഥലലഭ്യത കുറവുണ്ട്.

വ്യാവസായിക പ്രദർശനത്തിന് വ്യവസായ വകുപ്പിന്റെ എല്ലാ സഹകരണവും ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. പ്രോഗ്രാം ജനറൽ കൺവീനർ ടി.പി. നാരായണൻ സ്വാഗതം പറഞ്ഞു. പ്രോഗ്രാം ചെയർമാൻ സി. അബ്ദുൽ കരീം അധ്യക്ഷത വഹിച്ചു. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ രഞ്ജു മാണി, കെ.എസ്.എസ്.ഐ.എ. ഭാരവാഹികളായ സംസ്ഥാന ജനറൽ സെക്രട്ടറി ജോസഫ് പൈകട, സ്റ്റേറ്റ് വൈസ് പ്രസിഡന്റ് എ.വി. സുനിൽനാഥ്, ജില്ലാ വനിതാ വിഭാഗം പ്രസിഡന്റ് സി.എച്ച്. റഹ്മത്ത്, സെക്രട്ടറി കെ.പി. സൗമ്യ, പി. ഗോവിന്ദൻ സംസാരിച്ചു.



● കണ്ണൂരിൽ നടക്കാനിരിക്കുന്ന ഇൻഡ് എക്സ്പോ–2026 ന്റെ സ്വാഗത സംഘം ഓഫീസ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ പി. വിഷ്ണുരാജ് ഉദ്ഘാടനം ഉദ്ഘാടനം ചെയ്യുന്നു.

● സി.ഐ.ഐ. സമിറ്റിൽ ഗവർണർ

# 'വികസിത ഭാരതത്തിന്റെ അടിത്തറ വികസിത കേരളം'

തിരുവനന്തപുരം: രേഖകളിലും നയപ്രഖ്യാപനങ്ങളിലുമൊതുങ്ങുന്ന ഇസ് ഓഫ് ഡൂയിങ് ബിസിനസ് മതിയാകില്ല;അത് പ്രവർത്തനത്തിലൂടെ തെളിയിക്കേണ്ട സമയമാണിതെന്ന് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ വ്യക്തമാക്കി. തൈക്കാട് ലെമൺ ട്രീ ഹോട്ടലിൽ നടന്ന സി.ഐ.ഐ. എമർജിങ് ട്രാവൻകൂർ സമിറ്റ് 2026–ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സർക്കാർ–വ്യവസായ രംഗങ്ങൾ കൈകോർത്താൽ മാത്രമേ സംസ്ഥാനത്തിന്റെ യഥാർഥ വളർച്ച സാധ്യമാകൂവെന്ന് അദ്ദേഹം പറഞ്ഞു. 2047ലെ വികസിത ഭാരത ലക്ഷ്യവുമായി ബന്ധിപ്പിച്ചുകൊണ്ട്, വികസിത ഭാരതത്തിലേക്കുള്ള യാത്ര വികസിത കേരളത്തിലൂടെയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തീരദേശം, മത്സ്യബന്ധനം, ടൂറിസം, തീരദേശ വ്യവസായങ്ങൾ, സാങ്കേതിക മേഖലകൾ എന്നിവയിൽ വൻ സാധ്യതകളുണ്ടെന്നും പാരമ്പര്യ വൈദഗ്ധ്യവും ആധുനിക സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച വളർച്ചയാണ് സംസ്ഥാനത്തിന്റെ ഭാവി നിർണയിക്കുകയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.


**CHANGE OF NAME**

Sreelakshmi Sinoop holder of Passport number S8714399 do hereby change my name to Sreelakshmi Chakkumkeran Raveendran (Sreelakshmi C.R.)

**CHANGE OF NAME**

I, SHYMOL SHAJAN, HOLDER OF PASSPORT NO: N6829941, DO HEREBY CHANGE MY NAME AS SHYMOL MOOKKENI SASIDHARAN

**CHANGE OF NAME**

I, Jilson P T,Peenikkaparamban (H), Pariyaram (passport no. R 9586406) do hereby change the name of my minor son Evin Jove Jilson as per in passport no. N 8592423 to Evin Jove as in Aadharcard (9761 1743 1347)

**CHANGE OF NAME**

I, Basheer Bava Kader holder of Indian Passport No. L5917515 Chakkamalath House, Triprayar South, P.O.Nattika, Trichur Dist., Kerala hereby change my name as Basheer (given name), my father's name change as Chakkamalath Kunji Bhava (surname), Chakkamalath House, Valapad P.O., Thrissur-680567, Kerala, India.

**CHANGE OF NAME**

I, ARUN BABU holder of Indian Passport No.: H2904356 do hereby change my name to as per my Aadhaar Card, A.K. ARUN BABU, AYYARUVEETTIL HOUSE, P.O. KATTUR, THRISSUR-680 702.

**CHANGE OF NAME**

I, SANUJA KRISHNAN, KAVANATTU MANA, KOMBARA, WEST IRINJALAKUDA P.O,THRISSUR-680121. AS IN MY PASSPORT ISSUED BY COCHIN,PASSPORT NO N 9069890. DO HERE BY CHANGED MY NAME AS SANUJA EDAPPILLYMANA NARAYANAN

**കേരള വാട്ടർ അതോറിറ്റി** | **ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്**

ദർഘാസ് : 21/2025-26/EE/PHDN/PNV , സംസ്ഥാന പദ്ധതി -ഹെലിബറിയ ബൂസ്റ്റർ-3 ലെ CF പമ്പ് സെറ്റിന്റെ വിതരണവും നിർമ്മാണവും., നിരതദ്രവ്യം : Rs. 3796067/-, ടെണ്ടർ ഫീസ് : Rs. 2760, ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 09-03-2026, 03:00:pm, ഫോൺ: 8547638511

വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in KWA-JB-GL-6-751-2025-26

എക്സിക്യൂട്ടീവ് എഞ്ചിനീയർ
പി എച്ച് ഡിവിഷൻ
ഇടുക്കി

**Bank of Baroda** ബാങ്ക് ഓഫ് ബറോഡ, ചാലപ്പുറം ശാഖ
ഗ്രൗണ്ട് ഫ്ളോർ, കേസരി ഭവൻ, മാധവൻ നായർ റോഡ്, കോഴിക്കോട് 673002, CONTACT: 8714606424, 0495 2302329

**സ്ഥാവര വസ്തുക്കളെ സംബന്ധിച്ച ലേല വിൽപ്പന നോട്ടീസ്**

**സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002– ലെ സെക്യൂരി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002– ലെ റൂൾ 6(2) & 8(6) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ– ലേല വിൽപ്പന നോട്ടീസ്.**
വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും ഈടാക്കുന്നതിന് വേണ്ടി **ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ** കൈവശമെടുത്തിട്ടുള്ള സ്ഥാവര വസ്തുക്കൾ **"As is where is", "As is what is", and "Whatever there is"** എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വായ്പക്കാരെ/ജാമ്യക്കാരെ/ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചു കൊള്ളുന്നു. വായ്പക്കാർ/ജാമ്യക്കാർ/പണയക്കാർ ഈട് വസ്തു/കുടിശ്ശിക തുക/കരുതൽ വില/നിരതദ്രവ്യം/ലേല വർദ്ധന തുക/ഇ– ലേല തീയതിയും സമയവും എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും** : 1) **M/s ഫ്യൂച്ചർ വിഷൻ ട്രേഡർ**, 11/364 A വെള്ളിപ്രം, രാമനാട്ടുകര, കോഴിക്കോട്– 673633. 2) **ശ്രീ. അസ്ലം കെ.എൻ.** (പാർട്ണർ, പണയക്കാരൻ, ജാമ്യക്കാരൻ), S/o അബ്ദുൾ കലാം, ഫ്ളാറ്റ് നമ്പർ S5, ഓഫ്ഷോർ അപ്പാർട്ട്മെന്റ്, സീ ക്വീൻ ഹോട്ടലിന് സമീപം, കോഴിക്കോട്– 673001. 3) **ശ്രീ. അസീൽ കെ.എൻ.** (പാർട്ണർ, ജാമ്യക്കാരൻ), S/o അബ്ദുൾ കലാം, ഫ്ളാറ്റ് നമ്പർ **S5, ഓഫ്ഷോർ അപ്പാർട്ട്മെന്റ്, സീ ക്വീൻ ഹോട്ടലിന് സമീപം**, കോഴിക്കോട്– **673001.**

**സ്ഥാവര വസ്തുവിന്റെ വിശദ വിവരണം ബാധ്യത വല്ലതും ഉണ്ടെങ്കിൽ അത് ഉൾപ്പെടെ:** കേരളത്തിലെ പാലക്കാട് ജില്ലയിൽ, പുത്തൂർ താലൂക്കിൽ, പുത്തൂർ അംശം ദേശത്ത് സ്ഥിതിചെയ്യുന്ന, റീ– സർവ്വേ നമ്പർ 483/19 (പഴയ സർവ്വേ നമ്പർ 103/1– 6) –ൽ പെട്ട 3.74 ആർസ് സ്ഥലവും മറ്റു ചമയങ്ങളും. **വടക്ക്:** ഉണ്ണികൃഷ്ണന്റെ വക വസ്തു, **തെക്ക്:** 3 മീറ്റർ വീതിയുള്ള വഴിയും, ജയപ്രകാശൻ, വേണു എന്നിവർക്ക് അവകാശപ്പെട്ട വക വസ്തുവും, **കിഴക്ക്:** ഉണ്ണികൃഷ്ണന്റെ വക വസ്തു, **പടിഞ്ഞാറ്:** വേണുവിന്റെ കുടിയിരിപ്പും, ജയപ്രകാശൻ, വേണു എന്നിവരുടെ വക വസ്തുവും.

**കുടിശ്ശിക തുക** : 1,10,91,116.41 **രൂപ (ഒരു കോടി പത്തു ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി ഒരുനൂറ്റി പതിനാറ് രൂപ നാല്പത്തിയൊന്ന് പൈസ** ) യും **25.02.2026** മുതൽ ബാധകമല്ലാത്ത പലിശയും, ചാർജ്ജുകളും, മറ്റ് നിരക്കുകളും

**ഇ ലേലത്തിന്റെ സമയവും തീയതിയും :16.03.2026 2.00 PM മുതൽ 6.00 PM വരെ**

**കരുതൽ വില, നിരതദ്രവ്യം, ലേല വർദ്ധന തുക** : കരുതൽ വില : **11,64,000/–രൂപ , (പതിനൊന്ന് ലക്ഷത്തി അറുപത്തിനാലായിരം രൂപ)** നിരത ദ്രവ്യം :**1,16,400/– രൂപ (ഒരു ലക്ഷത്തി പതിനാറായിരത്തി നാനൂറ് രൂപ)** ലേല വർദ്ധന തുക : **10,000/– രൂപ (പതിനായിരം രൂപ)**

**കൈവശമെടുത്ത രീതി : ഭൗതികമായ കൈവശം**

**വസ്തു പരിശോധന തീയതിയും സമയവും : 13.02.2026, 3 PM**

ലേല വ്യവസ്ഥകളെയും ഉപാധികളെയും പറ്റി കൂടുതൽ അറിയുന്നതിനായി ബാങ്കിന്റെ വെബ്സൈറ്റായ **https://www.bankofbaroda.in/e-auction** & ഇ–ലേല പോർട്ടലിന്റെ **Baanknet.com** എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള ലിങ്ക് സന്ദർശിക്കുക. താൽപര്യമുള്ള ലേലാർത്ഥികൾ അധികാരപ്പെട്ട ഉദ്യോഗസ്ഥനെ, **ഫോൺ: 0495-2302329**, **മൊബൈൽ: 8714606424** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**സ്ഥലം : കോഴിക്കോട്**
**തീയ്യതി : 26.02.2026**

**(ഒപ്പ്/–) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ**
**ബാങ്ക് ഓഫ് ബറോഡ**

**വടക്കേക്കാട് ഗ്രാമപഞ്ചായത്ത്**

ജാലക പരസ്യം

വിൻഡോ നമ്പർ : G274071/2026
G274072/2026

വിശദ വിവരങ്ങൾക്ക്: www. tender.lsgkerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

(ഒപ്പ്)
അസിസ്റ്റന്റ് എഞ്ചിനീയർ
ത.സ്വ.ഭ.വ വിഭാഗം
വടക്കേക്കാട് ഗ്രാമപഞ്ചായത്ത്

**പബ്ലിക് നോട്ടീസ്**

തൃശ്ശൂർ താലൂക്ക്, കിഴക്കേകോട്ട ദേശം, ചെമ്പുക്കാവ് വില്ലേജ്, ഭാരതക്ഷേമം ബിൽഡിംഗ്, കോളേജ് റോഡ്, തൃശ്ശൂർ, Pin: 680 005 എന്ന സ്ഥലത്ത് സ്ഥാപിതമായി പ്രവർത്തിച്ചുവരുന്ന Bharathakshemam കമ്പനിയിൽ നിന്നും തൃശ്ശൂർ താലൂക്ക് കോലഴി വില്ലേജ് തിരൂർ ദേശത്ത് മണ്ണത്ത് വളപ്പിൽ കല്ല്യാണികുട്ടിയമ്മ മകൻ 1) കൃഷ്ണകുമാർ, തൃശ്ശൂർ താലൂക്ക് കോലഴി വില്ലേജ് തിരൂർ ദേശത്ത് മണ്ണത്ത് വളപ്പിൽ കൃഷ്ണകുമാർ ഭാര്യ 2) നിഷ എന്നിവരെ അറിയിക്കുന്ന നോട്ടീസ്
ഭാരതക്ഷേമം കമ്പനിയിൽ കടവല്ലൂർ വില്ലേജ് സർവ്വെ 281/1 ൽപ്പെട്ട 7.59 ആർ വഹകൾ "Deposit of Title Deed" പ്രകാരം ഈട് നൽകി കുറി സംഖ്യകൾ കൈപറ്റിയിരുന്നതാണ്. എന്നാൽ നിങ്ങൾ കുറി സംഖ്യ തിരിച്ചടക്കാതെ വീഴ്ച്ച വരുത്തുകയും നിങ്ങൾക്കെതിരെ കേസുകൾ ബോധിപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ തൃശ്ശൂർ താലൂക്ക് കുറ്റൂർ വില്ലേജ് വലിയപറമ്പ് ദേശത്ത് വാണിയം വീട്ടിൽ ഗോപാലകൃഷ്ണൻ മകൻ രാജേഷ് ചാവക്കാട് കോടതി OS 819/2014 ൽ EP 658/2017 നമ്പർ നിങ്ങൾ ഈട് നൽകിയ വഹകൾ ലേലത്തിൽ വിളിച്ചെടുത്തിട്ടുള്ളതിൽ ടിയാൻ നിങ്ങളുടെ ബാദ്ധ്യതയിലേക്ക് സംഖ്യ അടക്കുന്നപക്ഷം ആധാരലക്ഷ്യങ്ങൾ ടിയാന് കൈമാറുവാൻ ആവശ്യപ്പെട്ട് കത്ത് അയച്ചിട്ടുള്ളതാണ്. ആയതിനെ തുടർന്ന് ടി വിവരങ്ങൾ കാണിച്ചും അപ്രകാരം പ്രവർത്തിക്കുന്നതിൽ നിങ്ങൾക്ക് ആക്ഷേപമുണ്ടെങ്കിൽ അറിയിക്കുവാനും ബോധിപ്പിച്ച് റെജിസ്റ്റേർഡ് നോട്ടീസ് അയച്ചെങ്കിലും നിങ്ങൾ കൈപറ്റാതെ മടക്കിയിട്ടുള്ളതുമാണ്. അതിനാൽ ഈ പരസ്യത്തിന് ഇടവന്നിട്ടുള്ളതാകുന്നു. രാജേഷ് എന്നവരിൽ നിന്ന് ഒത്ത് തീർപ്പ് പ്രകാരം 11,00,000/ (പതിനൊന്ന് ലക്ഷം) രൂപ കൈപറ്റി ആധാരലക്ഷ്യങ്ങൾ കൈമാറുന്നതിന് ഭാരതക്ഷേമം കമ്പനി തീരുമാനിച്ചിട്ടുള്ളതാകുന്നു. ഈ കാര്യത്തിൽ നിങ്ങൾക്ക് ആക്ഷേപമുണ്ടെങ്കിൽ പരസ്യ തിയ്യതി മുതൽ 7 ദിവസത്തിനകം കമ്പനി ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം രാജേഷ് എന്നവരുടെ അപേക്ഷ സ്വീകരിച്ച് ആധാരലക്ഷ്യങ്ങൾ കൈമാറുന്നതാകുന്നു എന്ന് അറിയിക്കുന്നു.

എന്ന്,
ഭാരതക്ഷേമം
ഭാരതക്ഷേമം ബിൽഡിംഗ്, കോളേജ് റോഡ്
തൃശ്ശൂർ– 680 005 | PH : 0487 2330464

തിയ്യതി : 28/02/2026

**CHANGE OF NAME**

I, Edathathara Abdul Kunjumohammed Abdul Karim holder of Indian Passport No. A1347826, residing at Edathathara House, kulayidam, Cheruvaloor, Thrissur - 680308 do hereby change my name to EDATHATHARA KUNJU MOHAMMED ABDUL KARIM.

**CHANGE OF NAME**

I, SAIRABANU SAIRAJUDEEN, KARIPARAMBIL HOUSE, THELAPPILLY, MADAYIKONAM, THRISSUR, PIN: 680712. AS IN MY PASSPORT ISSUED BY COCHIN, PASSPORT NO N 4195743. DO HERE BY CHANGED MY NAME AS SAIRABANU A.R ABDUL RAHIMAN

**ജ്യോതിഷം**

പ്രശ്നവുമായി വിളിക്കുന്നവർക്ക് മറ്റ് ജ്യോതിഷികളിൽ നിന്നും വ്യത്യസ്തമായി നിങ്ങളെ നേരിട്ട് കാണാതെ പേരും, നാളും, വയസ്സും നിങ്ങൾ ജ്യോതിഷിയോട് പറയുമ്പോൾ തന്നെ പൂർണ്ണ ഫലം (ഭൂതം, ഭാവി, വർത്തമാനം) കൃത്യമായി പ്രവചിച്ച് നിങ്ങളെ അത്ഭുതപ്പെടുത്തുന്നു. കച്ചവടവിജയം, കാർഷിക ആദായ വർദ്ധനവ്, തൊഴിലില്ലായ്മ, ധനാകർഷണം, വശീകരണം, ശത്രുദോഷം, വസ്തുവില്പന, വിദേശജോലി, വിദ്യാഭ്യാസ വിജയം എന്നിവയ്ക്ക് തക്കതായ പ്രതിവിധികൾ ചെയ്തു നൽകുന്നു.

**അമൃതകല, പാലക്കാട്**
Ph: 9048423489 8156862308

**പരസ്യം**

KL-46-C-9265 എന്ന വാഹനത്തിന്റെ ഉടമസ്ഥനായ Prathap V S, Vykkattil (H), Thrithallor PO, Thrissur - 680619 എന്നയാൾ വാഹനത്തിന്റെ ഒരു ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആർക്കെങ്കിലും ആക്ഷേപമുണ്ടങ്കിൽ ഈ പരസ്യതിയ്യതി മുതൽ 7 ദിവസത്തിനകം തൃപ്രയാർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ് സമയപരിധി കഴിഞ്ഞ ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(ഒപ്പ്) ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, തൃപ്രയാർ


**കേരള സംസ്ഥാന ഭാഗ്യക്കുറി SUVARNA KERALAM SK-42 DRAW RESULT 27/02/2026**

ഒന്നാം സമ്മാനം ₹ 1 കോടി: RR 161862 (കൊല്ലം)

സമാശ്വാസ സമ്മാനം ₹ 5000: RN 161862 RO 161862 RP 161862 RS 161862 RT 161862 RU 161862 RV 161862 RW 161862 RX 161862 RY 161862 RZ 161862

രണ്ടാം സമ്മാനം ₹30 ലക്ഷം: RR 247252 (കൊല്ലം)

മൂന്നാം സമ്മാനം ₹5 ലക്ഷം: RW 717174 (ആറ്റിങ്ങൽ)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0717 0876 0994 1317 1585 2118 2310 2318 3639 4583 4585 5093 6554 6599 7648 7713 7846 8895 9210

അഞ്ചാം സമ്മാനം ₹2000: 1189 3010 4621 6364 7372 9010

ആറാം സമ്മാനം ₹1000: 0030 0319 0678 1309 1328 1403 1417 1859 1910 3077 3696 4236 5574 5641 6117 6440 6749 6942 7046 7262 7820 8713 9230 9497 9737

ഏഴാം സമ്മാനം ₹500: 0145 0217 0234 0428 0618 0763 0854 0856 1026 1272 1322 1362 1471 1778 1803 1908 2443 2510 2548 2733 3300 3575 3716 3723 3852 4045 4132 4177 4251 4289 4416 4505 4629 4647 4883 4894 5014 5015 5227 5251 5339 5467 5646 5810 5916 6191 6397 6399 6406 6444 6525 6552 6606 6647 6724 6893 6896 6962 6988 7071 7177 7320 7346 7641 7876 7996 8000 8105 8200 8982 9176 9375 9515 9812 9852 9917

എട്ടാം സമ്മാനം ₹200: 0209 0308 0590 0794 0883 1012 1034 1275 1279 1292 1298 1357 1579 1588 1632 1763 1833 1906 2106 2195 2663 2837 2893 3168 3207 3270 3359 3410 3411 3587 3742 3845 3858 3870 4128 4256 4270 4367 4437 4619 4713 4799 4853 4902 4920 4943 4987 5026 5070 5249 5318 5349 5471 5563 5613 5776 5859 5885 5995 6044 6062 6112 6113 6173 6188 6283 6337 6450 6653 6885 6947 7027 7069 7133 7184 7269 7285 7468 7597 7622 7740 7764 7855 8187 8271 8544 8705 9081 9093 9127 9214 9791

ഒൻപതാം സമ്മാനം ₹100: 0013 0017 0087 0164 0170 0230 0251 0258 0285 0305 0320 0361 0493 0533 0570 0614 0638 0657 0697 0718 0739 0817 0837 0870 0952 0982 1049 1076 1089 1254 1299 1457 1540 1558 1601 1625 1628 1657 1719 1777 1824 1848 1946 1983 2107 2197 2199 2300 2563 2684 2842 2886 2958 3081 3157 3220 3273 3349 3362 3364 3505 3657 3666 3732 3751 3769 3803 3827 3892 3896 3932 3940 4003 4100 4163 4294 4297 4326 4388 4392 4499 4607 4691 4702 4770 4816 4832 4934 5102 5105 5128 5208 5407 5518 5526 5715 5737 5795 5846 5902 5925 5927 5933 6058 6100 6439 6524 6603 6657 6697 6744 6795 6996 7126 7172 7183 7357 7414 7632 7791 7804 8119 8232 8259 8322 8376 8379 8409 8532 8550 8639 8757 8768 8814 9097 9268 9526 9763 9797 9817 9843 9847 9935 9998

ഒപ്പ്, മായ.എൻ.പിള്ള, ജോയിന്റ് ഡയറക്ടർ ഡിറക്റേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം. വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക.

നറുക്കെടുപ്പ് ഫലം വിശദമായറിയാൻ www.statelottery.kerala.gov.in